**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കോട്ടയം ജില്ല - തലനാട് ഗ്രാമപഞ്ചായത്ത് - സാമ്പത്തിക പ്രതിസന്ധി നേരിടുന്ന പഞ്ചായത്തിന് പ്രത്യേക സഹായം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(സാധാ) നം. 3293/2017/തസ്വഭവ തിരുവനന്തപുരം, തീയതി, 13/10/2017

---

പരാമർശം:- തലനാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 11/09/2017 ലെ കത്ത്.

**ഉത്തരവ്**

കോട്ടയം ജില്ലയിലെ തലനാട് ഗ്രാമപഞ്ചായത്തിന് തനത് ഫണ്ടും ജനറൽ പർപ്പസ് ഫണ്ടും വളരെ കുറവാണെന്നും ജീവനക്കാർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകാൻ ബുദ്ധിമുട്ട് നേരിടുകയാണെന്നും ആയതിനാൽ പഞ്ചായത്തിന്റെ മോശം സ്ഥിതി പരിഗണിച്ച് 40 ലക്ഷം രൂപ ധനസഹായമായി അനുവദിക്കണമെന്ന് പരാമർശ കത്ത് പ്രകാരം തലനാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നേരിടുന്ന തലനാട് ഗ്രാമപഞ്ചായത്തിന്, കേന്ദ്ര ഗവൺമെന്റിൽ നിന്ന് തദ്ദേശ ഭരണ മേഖലയിലെ പ്രവർത്തനങ്ങൾക്ക് അംഗീകാരമായി മുൻ വർഷങ്ങളിൽ ലഭിച്ചിട്ടുള്ള പീസ് അവാർഡ് തുകയായ 8 കോടി രൂപ പഞ്ചായത്ത് ഡയറക്ടറുടെ പേരിൽ നിക്ഷേപിക്കപ്പെട്ടിട്ടുള്ളതിൽ നിന്നും 20,00,000/- രൂപ (ഇരുപത് ലക്ഷം രൂപ) പ്രത്യേക സഹായമായി നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

**സീനി ജെ ഷുക്കൂർ,**

**ഡെപ്യൂട്ടി സെക്രട്ടറി.**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം

പ്രസിഡന്റ്/സെക്രട്ടറി, തലനാട് ഗ്രാമപഞ്ചായത്ത്, തലനാട് പി.ഒ, കോട്ടയം - 686580

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ